പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1356

06-03-2020-ൽ മറുപടിക്ക്

## സ്വർണ്ണപ്പണയ കാർഷിക വായ്പ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2019 ഒക്ടോബർ ഒന്നിനു ശേഷം എടുത്ത സ്വർണ്ണപ്പണയ കാർഷിക വായ്പയ്ക്ക് പലിശ ഇളവ് ലഭിക്കില്ലെന്ന അറിയിപ്പ് രണ്ടും മൂന്നും മാസങ്ങൾക്ക ശേഷമാണ് ബാങ്കുകൾ ഇടപാടുകാരെ അറിയിച്ചതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിച്ചിട്ടുണ്ട്. സ്വർണ്ണപ്പണയ കാർഷിക വായ്പകളുടെ പലിശ സബ്സിഡിയെക്കുറിച്ചുള്ള അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ ഉടൻതന്നെ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം പൊതുജന ശ്രദ്ധയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പത്രപ്പരസ്യം നല്കിയിട്ടുണ്ട്.<br>റിസർവ്വ് ബാങ്കിന്റെ 20-02-2020 ലെ നിർദ്ദേശ പ്രകാരം 31-03-2020 വരെ സ്വർണ്ണപ്പണയ കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതാണ്. |
| (ബി) | വായ്പ എടുക്കുമ്പോൾ ഉണ്ടായിരുന്ന ഇളവ് അതിനു ശേഷം ഒഴിവാക്കുന്നത് കർഷകരോട് കാണിക്കുന്ന കടുത്ത ക്രൂരതയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം സ്വർണ്ണപ്പണയ കാർഷിക വായ്പ ബാങ്കുകളുടെ നിബന്ധനപ്രകാരം, കിസാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി മാറ്റുന്ന പക്ഷം തുടർന്നും പലിശ സബ്സിഡിയ്ക്ക് അർഹരാണ്. അർഹതയുള്ള കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന കാർഷിക വായ്പ തുടർന്നും ലഭിക്കുന്നതാണ്. |
| (സി) | കർഷകരോട് കിസാൻ ക്രെഡിറ്റ് കാർഡിലേക്ക് (കെ.സി.സി) മാറാൻ ബാങ്കുകൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഉത്തരേന്ത്യൻ മാനദണ്ഡങ്ങളാണ് കെ.സി.സിയുടേത് എന്നതിനാൽ അത് കേരളീയ കർഷകർക്ക് പ്രായോഗികമല്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (സി) | പരിശോധിച്ചിട്ടുണ്ട്. കൃഷി ചെയ്യുന്ന വിള , സ്ഥലത്തിന്റെ വിസ്തീർണ്ണം, കാർഷിക വിള വായ്പാതോതുകൾ , വിളവെടുപ്പിന് ശേഷമുള്ള സംഭരണം, മറ്റു ചിലവുകൾ, കുടുംബത്തിന്റെ ഉപഭോഗ ആവശ്യം തുടങ്ങിയവയൊക്കെ കണക്കിലെടുത്താണ് വായ്പ തുക കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ നിശ്ചയിക്കുന്നത്. ഓരോ വർഷത്തേയും, കാർഷിക വിള വായ്പാതോതുകൾ ഒരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക കമ്മിറ്റി (DLTC) നിശ്ചയിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷിചെയ്യുന്ന വിളകളുടെ വായ്പാ തോതുകൾ സ്റ്റേറ്റ് ലെവൽ സാങ്കേതിക കമ്മിറ്റി (SLTC) നിശ്ചയിക്കും. പ്രധാനമായും ഇങ്ങനെ നിശ്ചയിച്ചിട്ടുള്ള scale of finance (വായ്പാതോതുകൾ) കൂടി കണക്കിലെടുത്താണ് കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി പ്രകാരം വായ്പാതുക നിശ്ചയിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പരിമിതമായ ഭൂമിയിൽ കൃഷി ചെയ്യുന്നവരും മറ്റുള്ളവരുടെ ഭൂമിയിൽ പാട്ടകൃഷി നടത്തുന്നവരുമാണ് കേരളത്തിലെ മഹാഭൂരിപക്ഷം കർഷകരും എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ഡി) | കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം കൃഷിഭൂമി സ്വന്തമായിട്ടുള്ള കർഷകർക്കും, പാട്ടകൃഷിക്കാർക്കും, കൂട്ടു കൃഷിക്കാർക്കും വായ്പയ്ക്കുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. |
| (ഇ) | എങ്കിൽ കർഷകരെ കേന്ദ്രഗവൺമെന്റിന്റെയും ബാങ്കുകളുടെയും അയവില്ലാത്ത നിലപാടിൽ നിന്നും രക്ഷിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നറിയിക്കുമോ? | (ഇ) | കാർഷിക ആവശ്യങ്ങൾക്കായി നൽകുന്ന സ്വർണ്ണപ്പണയ വായ്പ ബാങ്കുകൾ നിർത്തലാക്കിയിട്ടില്ല. ബാങ്കുകൾ എല്ലാംതന്നെ സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ നല്കിവരുന്ന പലിശ സബ്സിഡികൾ, 2020 ഏപ്രിൽ 1 മുതൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പ എടുത്തിട്ടുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ കാർഷിക വായ്പ എടുത്തിട്ടുള്ള ഉപഭോക്താക്കൾ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം അർഹരാണെങ്കിൽ സ്വർണ്ണപ്പണയ കാർഷിക വായ്പ, ബാങ്കുകളുടെ നിബന്ധനപ്രകാരം കിസ്സാൻ ക്രെഡിറ്റ് കാർഡ് മുഖേനയാക്കി മാറ്റുന്നപക്ഷം തുടർന്നും പലിശ സബ്സിഡിയ്ക്ക് അർഹരായിരിക്കും. ഇതിനായി ബാങ്ക് ശാഖകളെ സമീപിച്ച്, 2020 മാർച്ച് 31-നകം കർഷകർ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പലിശ സബ്സിഡികൾ ഇല്ലാതെ സ്വർണ്ണപ്പണയ കാർഷിക വായ്പ തുടരാവുന്നതാണ്. ഇക്കാര്യം സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കാൻ കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി പത്രപ്പരസ്യങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാൻ ഉള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിനായി കൃഷി ഭവൻതലത്തിൽ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്. അർഹരായ ചെറുകിട ഇടത്തരം കർഷകർക്ക് കൃഷി ആവശ്യത്തിനായി എടുക്കുന്ന സ്വർണ്ണപ്പണയ വായ്പയ്ക്ക് പലിശ സബ്സിഡി നൽകണമെന്ന് ബാങ്ക് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇടപെടുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി യോഗങ്ങളിൽ അവതരിപ്പിച്ച് ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.<br>സംസ്ഥാനത്തെ കർഷകരെ നെൽകൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകി വരുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായിട്ടുള്ളവർക്കാണ് വായ്പകൾ . നൽകുന്നത്. സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽ നിന്നും ചെറിയൊരു |

| | | | |
|---|---|---|---|
| | | | തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുകയും ചെയ്യുന്നുണ്ട്. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരം കാർഷിക വായ്പകൾക്കുള്ള 2% പലിശയിളവ് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 2% പലിശ ഇളവും, ടി വായ്പകൾ കൃത്യമായി അടക്കുന്ന കർഷകർക്ക് 3% പലിശ ഇളവും നൽകി വരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉല്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയായ സുവർണ്ണ കേരളം പ്രകാരം വീട്ടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി തുടങ്ങിയവ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ